## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:2844 13.07.2015 ൽ മറുപടിയ്ക്ക്

## സർക്കാർ ധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിയുള്ള ഉത്തരവ്

**ചോദ്യം**

**ശ്രീ.ആർ.രാജേഷ്**

(എ) സർക്കാർ ധനസഹായ വിതരണത്തിൽ നിന്ന് ജനപ്രതിനിധികളെ വിലക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് ഇറക്കിയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ.ഉമ്മൻ ചാണ്ടി**

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000/- (അമ്പതിനായിരം രൂപ) രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ /എം.പി.മാർ മുഖാന്തിരമാണ് വിതരണം ചെയ്തു വന്നിരുന്നത്.

ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തു വന്നിരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ചു മാസങ്ങൾക്കു ശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാകുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടി ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന നിർ ദ്ദേശം 29.04.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2248/15/റവന്യൂ പ്രകാരം പിൻവലിക്കുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

സാമ്പസാ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി -അനുവദിക്കുന്ന ധനസഹായം യഥാസമയം വിതരണം ചെയ്യുന്നത്- ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ്പുറപ്പെടുവിക്കുന്നു.

=====================================================

റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്

ജി.ഒ.(ആർ.റ്റി) 2248/15/റവന്യൂ തിരുവനന്തപുരം, തീയതി : 29/04/2015

=====================================================

പരാമർശം: 28.11.2012 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.6769/2012/റവ

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000/- (അമ്പതിനായിരം രൂപ) രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ/എം.പി.മാർ മുഖാന്തിരം വിതരണം ചെയ്താൽ മതിയെന്ന് പരാമർശം പ്രകാരം ഉത്തരവിട്ടിരുന്നു.

(2) ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തു വരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ചു മാസങ്ങൾക്കു ശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാക്കുവാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടി ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന പരാമർശ ഉത്തരവിലെ നിർ ദ്ദേശം ഇതിനാൽ പിൻവലിച്ചുകൊണ്ട് ഉത്തരവാകുന്നു. അനുവദിക്കുന്ന ധനസഹായം അപേക്ഷകർക്ക് എത്രയും വേഗം വിതരണം ചെയ്യേണ്ടതാണെന്നും നിർ ദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സന്തോഷ് കുമാർ.റ്റി.കെ**
അണ്ടർ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ (ഡി ആർ എഫ്-എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.